**പതിനാലാം കേരള നിയമസഭ-**
**പതിനാറാം സമ്മേളനം-**
**നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 5792-**
**2019 നവംബർ 19-ന്നുള്ള (ചൊവ്വ) മറുപടിയ്ക്ക്**

## ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പദ്ധതി

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സർക്കാർ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് മുഖേന നൽകിയിരുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിർത്തലാക്കിയിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകുമോ? | സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പാ നിർത്തലാക്കിയിട്ടില്ല. 12/11/2009-ലെ ജി.ഒ.(പി) നം.505/2009/ഫിൻ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകി വന്നിരുന്ന ഭവന നിർമ്മാണ വായ്പ 05/07/2018-ലെ ജി.ഒ.(പി) നം.105/2018/ഫിൻ, 11/09/2018-ലെ ജി.ഒ.(പി) നം.143/2018/ഫിൻ എന്നീ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. |
| ബി) ഇപ്പോൾ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഭവന നിർമ്മാണത്തിനായി നൽകുന്ന ഡിപ്പാർട്ട്മെന്റ് വായ്പയുടെ വ്യവസ്ഥകൾ എന്തെല്ലാമാണ്? വിശദാംശം ലഭ്യമാക്കുമോ? | സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിലെന്നപോലെ പുതുതായി ഭവനം നിർമ്മിക്കുന്നതിനോ വീടും സ്ഥലവും/ ഫ്ലാറ്റ് വാങ്ങുന്നതിനോയുള്ള അപേക്ഷകൾ മാത്രമാണ് പരിഷ്കരിച്ച ഭവന നിർമ്മാണ വായ്പാപദ്ധതിയിലും പരിഗണിക്കപ്പെടുന്നത്. സംസ്ഥാന സർവ്വീസിൽ 5 വർഷം മുഴുവൻ സമയ സേവനം പൂർത്തിയായതും, 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 പ്രകാരം) അവശേഷിക്കുന്നതും സ്വന്തമായോ സ്പൗസിന്റെ/ പ്രായപൂർത്തിയാകാത്ത മക്കളുടെയോ പേരിൽ വീടില്ലാത്തതുമായ, സർക്കാർ ജീവനക്കാർക്ക് സ്വന്തം പേരിലോ, സ്പൗസിന്റെ പേരിലോ ഉള്ള വസ്തുവിൽ വീട് നിർമ്മിക്കുന്നതിനോ ,വീടും സ്ഥലവും/ഫ്ലാറ്റ് വാങ്ങുന്നതിനോ വായ്പയെടുക്കാവുന്നതാണ്. സർക്കാർ ജീവനക്കാർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തിലെ ശമ്പളം) 50 ഇരട്ടി പരമാവധി 20 ലക്ഷം വരെ ഒറ്റയ്ക്കോ/സംയുക്തമായോ (സർക്കാർ ജീവനക്കാരായ ദമ്പതിമാർ) ആണ് ഭവന വായ്പ ബാങ്കിൽ നിന്ന് എടുക്കേണ്ടത്. ഒറ്റ തവണ മാത്രമാണ് സർക്കാർ ഭവന വായ്പാ പദ്ധതി പ്രകാരം വായ്പയെടുക്കുവാൻ സാധിക്കുക.ഇത്തരം വായ്പകൾക്ക് |

| | |
|---|---|
| | 3.25% നിരക്കിൽ സർക്കാർ സബ്സിഡി നൽകുന്നതാണ്. ടി പദ്ധതി പ്രകാരം ജീവനക്കാർക്ക് ബാങ്കിൽ ശമ്പള അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും വായ്പയെടുത്തതിന് ശേഷം ശമ്പള അക്കൗണ്ടോ വായ്പയോ മറ്റ് ബാങ്കുകളിലേയ്ക്ക് മാറ്റുവാൻ പാടുള്ളതുമല്ല. ജീവനക്കാർ ഡിഡിഒ-മാരിൽ നിന്നും NOC ലഭ്യമാക്കി അസ്സൽ വായ്പാ രേഖകളും കൂടി ബാങ്കിൽ സമർപ്പിച്ച് വായ്പാ ലഭ്യമാക്കിയ ശേഷം ബാങ്കിൽ നിന്നുള്ള വായ്പാ അനുമതിപത്രം ഡിഡിഒ-യ്ക്ക് സമർപ്പിക്കേണ്ടതാണ്. ഡെഡിക്കേറ്റഡ് സോഫ്റ്റ് വെയർ (നിർമ്മാണ ഘട്ടത്തിലാണ്) മുഖേന ഡിഡിഒ-മാർ ജീവനക്കാരുടെ വായ്പാ വിവരങ്ങൾ ധനകാര്യ വകുപ്പിലേയ്ക്ക് അറിയിക്കേണ്ടതും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച് അർഹരായ ജീവനക്കാരെ സബ്സിഡിയ്ക്ക് പരിഗണിക്കുന്നതുമാണ്. സബ്സിഡി ലഭിക്കുന്നതിനായി വായ്പാ തിരിച്ചടവ് വിവരങ്ങൾ ഡിഡിഒ-മാർക്ക് വാർഷിക റിപ്പോർട്ട് നൽകേണ്ടതും അത് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. അങ്ങനെ ടി റിപ്പോർട്ട് ലഭ്യമാക്കാത്ത ജീവനക്കാർക്ക് പലിശ സബ്സിഡി തുടർന്ന് അനുവദിക്കുന്നതല്ല. |
| സി) പഴയ രീതിയിൽ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? വിശദാംശം അറിയിക്കുമോ? | 2018-19 സാമ്പത്തിക വർഷം മുതൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ബാങ്ക്/ബാങ്കിംങ്ങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് എടുക്കേണ്ടത്. ആയതിനാൽ പഴയ രീതിയിൽ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം വായ്പാ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. |

**സെക്ഷൻ ഓഫീസർ**